**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1022** **18-09-2025 - ൽ മറുപടിയ്ക്ക്**

**ജണ്ട നിർമ്മാണത്തിൽ ക്രമക്കേടുകൾ നടത്തിയവർക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. സിദ്ദിഖ്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വനഭൂമിയുടെ അതിരുകൾ നിർണ്ണയിക്കുന്നതിനുള്ള ജണ്ട നിർമ്മാണത്തിൽ കോടിക്കണക്കിന് രൂപയുടെ ക്രമക്കേടുകൾ നടന്നതായുള്ള ദക്ഷിണ മേഖലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ ഗൗരവത്തോടെ കാണുന്നുണ്ടോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | ഉണ്ട്. **സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 28.03.2025-ലെ റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.** |
| (ബി) | റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ ; ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ അതിന് കാരണം വ്യക്തമാക്കുമോ? | (ബി) | **കൊല്ലം,സതേൺ സർക്കിൾ,ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 2019-20,2020-21 കാലയളവിൽ പാലോട് റെയിഞ്ചിൽ നിർമ്മിച്ചതും അപാകതകൾ കണ്ടെത്തിയതുമായ ജണ്ടകളുടെ നിർമ്മാണ മേൽനോട്ടം നിർവഹിക്കുകയും അവയുടെ അളവുകൾ പരിശോധിച്ച് എം.ബുക്കിൽ രേഖപ്പെടുത്തുകയും സാക്ഷ്യപ്പെടുത്തി ബില്ല് തയ്യാറാക്കി പാസ്സാക്കുന്നതിനായി നൽകിയ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട് .ആയതിന്റെ ഭാഗമായി ഓരോ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ട ആനുപാതിക വിഹിതം തിട്ടപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കാൻ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന് നിർദ്ദേശം നൽകിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ

ഡോ. ആർ. കമലാഹർ IFS
ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ

ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ
കാര്യാലയം
സതേൺ സർക്കിൾ, കൊല്ലം
ഫോൺ - 0474 - 2742660
ccf-sc.for@kerala.gov.in

KFDSC/445/2023-QDA (SC)

തീയതി: 28-03-2025

ഗ്രാഹകൻ

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ,
(ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്), തിരുവനന്തപുരം

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ,
(ഫോറസ്റ്റ് മാനേജ്മെന്റ്), തിരുവനന്തപുരം

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ,
(വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്), തിരുവനന്തപുരം

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം),
തിരുവനന്തപുരം

സർ,

വിഷയം :- വനം-വന്യജീവി വകുപ്പ് - തിരുവനന്തപുരം ഡിവിഷനിലെ പാലോട് റെയിഞ്ചിലെ ജണ്ട നിർമ്മാണത്തിലെ അപാകതകൾ - റിപ്പോർട്ട് സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന :-
1. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്) ന്റെ 21.02.2023 ലെ വി.ഇ5-6391/2021 നമ്പർ കത്ത്.
2. ഫോറസ്റ്റ് കൺസർവേറ്റർ (ഐ & ഇ), കോട്ടയത്തിന്റെ 15.03.2023 തീയതിയിലെ VST/2019/2021 നമ്പർ കത്ത്.
3. ഈ ഓഫീസിലെ 12.04.2023 ലെ ഇതേ നമ്പർ കത്ത്.
4. ഈ ഓഫീസിലെ 15.06.2023, 26.06.2023, 12.07.2023, 25.07.2023, 02.08.2023, 18.08.2023, 01.11.2023, 28.11.2023, 01.01.2024, 17.07.2024, 20.07.2024, 13.08.2024, 16.08.2024 തീയതികളിലെ ഇതേ നമ്പർ കത്തുകൾ.
5. ഈ ഓഫീസിലെ 20.07.2024 ലെ ഇതേ നമ്പർ കത്ത്.
6. ഈ ഓഫീസിലെ 22.08.2024, 18.09.2024, 25.09.2024, 27.09.2024 തീയതികളിലെ ഇതേ നമ്പർ കത്തുകൾ.
7. തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 01.10.2024 ലെ



File No. KFDHO/3358/2025-ADMIN/B7 (Computer No. 283631)
Generated from eOffice by SHEEBA T, B7 FOREST, B7 FOREST, FOREST HEADQUARTERS on

എസ്-430/2023 നമ്പർ റിപ്പോർട്ട്.

8. തിരുവനന്തപുരം ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 01.10.2024 ലെ KFDDO/50610/2024-DFOFSTVM/R നമ്പർ റിപ്പോർട്ട്.
9. ഈ ഓഫീസിലെ 07.11.2024 തീയതിയിലെ ഇതേ നമ്പർ കത്ത്.
10. 12.03.2025 ൽ ഈ ഓഫീസിൽ കൂടിയ അവലോകന യോഗം.

മേൽ വിഷയത്തിലേയ്ക്കും സൂചനകളിലേയ്ക്കും അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു. 2019-20, 2020-21 കാലഘട്ടത്തിൽ നിർമ്മിച്ച ജണ്ടകൾ വിജിലൻസ് വിഭാഗം പരിശോധിച്ച് സമർപ്പിച്ച റിപ്പോർട്ടുകൾ പരിശോധിച്ചതിൽ കേരളത്തിലെ വിവിധ വനം ഡിവിഷനുകളിലായി നിർമ്മിച്ച ജണ്ടകളിൽ ചിലതിൽ നിർമ്മാണത്തിൽ അപാകതകൾ ഉള്ളതായി കാണുന്നുവെന്നും ആയത് പരിഹരിക്കുന്നതിനായി, ജണ്ട നിർമ്മാണത്തിലെ ന്യൂനതകൾ സംബന്ധിച്ചും പുനഃനിർമ്മാണം നടത്തേണ്ട ജണ്ടകളെ സംബന്ധിച്ചും പരിശോധനയിൽ കണ്ടെത്താൻ കഴിയാത്ത ജണ്ടകളെ സംബന്ധിച്ചും ജണ്ട നിർമ്മാണത്തിൽ വീഴ്ച വരുത്തിയ കോൺട്രാക്ടർമാർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കാനും ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ ഉചിതമായ അച്ചടക്ക നടപടി സ്വീകരിച്ച് ജണ്ട നിർമ്മാണ പ്രവൃത്തികളിൽ സർക്കാർ നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് കൃത്യമായി തിട്ടപ്പെടുത്തി ആയതിന് ഉത്തരവാദിയായ കോൺട്രാക്ടറിൽ നിന്നോ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കേണ്ട നടപടി സ്വീകരിക്കാനും എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും വൈൽഡ് ലൈഫ് വാർഡന്മാർക്കും സൂചന (1) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്) നിർദ്ദേശം നൽകുകയുണ്ടായി.

സതേൺ സർക്കിളിന്റെ കീഴിൽ വരുന്ന വിവിധ ഭാഗങ്ങളിൽ നിർമ്മിച്ച ജണ്ടകൾ വനം വകുപ്പിന്റെ വിജിലൻസ് വിഭാഗം പരിശോധന നടത്തിയതിൽ അപാകതകൾ കണ്ടെത്തിയതിനെ തുടർന്ന് ടി പരിശോധന റിപ്പോർട്ടുകൾ സൂചന (2) പ്രകാരം ഫോറസ്റ്റ് കൺസർവേറ്റർ (ഐ & ഇ), കോട്ടയം ഈ ഓഫീസിലേക്ക് അയച്ച് തരുകയുണ്ടായി. ടി റിപ്പോർട്ടുകൾ അനുസരിച്ച് വിജിലൻസ് വിഭാഗത്തിന്റെ പരിശോധനയിൽ അപാകതകൾ കണ്ടെത്തിയ ജണ്ടകൾ വിശദമായി പരിശോധന നടത്തി ടി ജണ്ടകളെ പ്രശ്നമില്ലാത്തവ, അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗയോഗ്യമാക്കാൻ പറ്റുന്നവ, പുനർനിർമ്മിക്കേണ്ടവ, കണ്ടെത്താൻ സാധിക്കാത്തവ എന്നീ 4 വിഭാഗങ്ങളായി തിരിച്ച് അവയുടെ എണ്ണവും സർക്കാർ നഷ്ടവും തിട്ടപ്പെടുത്താനും വീഴ്ച വരുത്തിയ കോൺട്രാക്ടർമാർക്കെതിരെ നിയമ പ്രകാരമുള്ള നടപടി സ്വീകരിക്കുവാനും വിജിലൻസ് വിഭാഗത്തിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും സൂചന (3) പ്രകാരം ഈ ഓഫീസിൽ നിന്നും

നിർദ്ദേശം നൽകിയിരുന്നതാണ്. തുടർന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്) ന്റെ നിർദ്ദേശാനുസരണം ജണ്ട നിർമ്മാണത്തിലെ അഴിമതിയുമായി ബന്ധപ്പെട്ട് മാത്രം പലതവണ അവലോകന യോഗങ്ങൾ നടത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഇക്കാര്യം ഓർമ്മിപ്പിച്ചുകൊണ്ട് സൂചന (4) പ്രകാരം നിരവധി പ്രാവിശ്യം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്ക് ഓർമ്മക്കുറിപ്പുകളും എഴുതുകയുണ്ടായി. കൂടാതെ പ്രതിമാസ മീറ്റിംഗുകളിലും ഫീൽഡ് പരിശോധന വേളകളിലും നേരിട്ട് കർശനമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു.

എന്നാൽ തിരുവനന്തപുരം വനം ഡിവിഷന്റെ കീഴിലെ പാലോട് റെയിഞ്ചിലെ ജണ്ട നിർമ്മാണവുമായി ബന്ധപ്പെട്ട് ആവശ്യപ്പെട്ട പരിശോധനാ റിപ്പോർട്ടുകളോ, കണ്ടെത്തലുകളുടെ വിവരങ്ങളോ തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നിർദ്ദേശിച്ച സമയത്തിനുള്ളിൽ തയ്യാറാക്കി സമർപ്പിച്ചിരുന്നില്ല. പാലോട് റെയിഞ്ചിലെ ജണ്ട നിർമ്മാണത്തിലെ അപാകതകളുമായി ബന്ധപ്പെട്ട കണ്ടെത്തലുകളേയും തുടർനടപടികൾ സ്വീകരിക്കുന്നതിലുള്ള കാലതാമസത്തെയും സീനിയർ ഫോറസ്റ്റ് ഓഫീസേഴ്സ് യോഗങ്ങളിലും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്) റിവ്യൂ മീറ്റിംഗുകളിലും ഈ കാര്യത്തിൽ നിർദ്ദേശിച്ച വസ്തുതകളെ സംബന്ധിച്ചും വിഷയത്തിന്റെ ഗൗരവത്തേയും സർക്കാർ നഷ്ടത്തെ സംബന്ധിച്ചും സമയബന്ധിതമായി നടപടി സ്വീകരിക്കേണ്ടുന്നതിന്റെ ആവശ്യകതയെ പറ്റിയും കൃത്യസമയത്ത് തന്നെ തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ ഓർമ്മപ്പെടുത്തിയിട്ടുള്ളതുമാണ്. ടി കാലയളവിൽ 29.01.2024 വരെ ശ്രീ. കെ. ഐ. പ്രദീപ് കുമാർ ഐ.എഫ്.എസും തുടർന്ന് ശ്രീ. അനിൽ ആന്റണി ഐ.എഫ്.എസും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരായും 30.06.2022 മുതൽ പാലോട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായി കുമാരി എസ്. രമ്യയും ചുമതല നിർവ്വഹിച്ചു വന്നിരുന്നു.

വനം വിജിലൻസിന്റെ പരിശോധനയിൽ കണ്ടെത്താതിരുന്നതും എന്നാൽ പിന്നീട് കണ്ടെത്തിയെന്നു തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ റിപ്പോർട്ട് ചെയ്തതുമായ 218 ജണ്ടകളുടെ നിജസ്ഥിതി അറിയുന്നതിനായി ടി ജണ്ടകളുടെ നിലവിലെ അവസ്ഥ, കാലപ്പഴക്കം, നിർമ്മാണം പൂർത്തീകരിച്ച കാലയളവ്, ജി.പി.എസ്. റീഡിംഗ്, ടി ജണ്ടകൾ മുൻ പരിശോധനയിൽ കണ്ടെത്താതിരിക്കുകയും പിന്നീട് കണ്ടെത്തിയ സാഹചര്യം എന്നിവ വ്യക്തമാക്കുന്ന വിശദമായ പരിശോധന റിപ്പോർട്ടും ലഭ്യമാക്കാൻ തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് സൂചന (5) പ്രകാരം നിർദ്ദേശം നൽകുകയുണ്ടായി. എന്നാൽ ആയതിനും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിന്നും യാതൊരു മറുപടിയും

ലഭ്യമായിരുന്നില്ല.

തുടർന്ന് പാലോട് റെയിഞ്ചിലെ ജണ്ട നിർമ്മാണത്തിലെ അപാകതയും തുടർപരിശോധനയിൽ കണ്ടെത്തിയതായി റിപ്പോർട്ട് ചെയ്ത 218 ജണ്ടകളെ സംബന്ധിച്ചും ഒരു അവലോകന യോഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്) ന്റെ അദ്ധ്യക്ഷതയിൽ 29.08.2024 ൽ എസ്.എഫ്.ടി.ഐ., അരിപ്പയിൽ വച്ച് ചേരുകയും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ടി യോഗത്തിൽ വനം വിജിലൻസ് വിഭാഗത്തിന്റെ റിപ്പോർട്ടിൽ പ്രതിപാദിച്ചിരുന്ന 3164 ജണ്ടകളിന്മേൽ തുടർപരിശോധന ആവശ്യമില്ലായെന്നും വനം വിജിലൻസിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജണ്ട നിർമ്മാണവുമായി ബന്ധപ്പെട്ട് വീഴ്ച വരുത്തിയ കോൺട്രാക്ടർമാർക്കെതിരെ നടപടി സ്വീകരിക്കാനും ഉത്തരവാദികളായ ജീവനക്കാർക്കെതിരെ ഉചിതമായ അച്ചടക്ക നടപടികൾ കൈക്കൊള്ളാനും കണ്ടെത്താനുള്ള 218 ജണ്ടകളുടെ നിജസ്ഥിതി ബോധ്യപ്പെടുന്നതിനായി കൊല്ലം എസ്.ഐ.പി. യൂണിറ്റ് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, തിരുവനന്തപുരം ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എന്നിവർ സംയുക്തമായി പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കാനും തിരുമാനിച്ചു.

ജണ്ട നിർമ്മാണവുമായി ബന്ധപ്പെട്ട് വീഴ്ച വരുത്തിയ കോൺട്രാക്ടർമാർക്കെതിരെ നടപടി സ്വീകരിക്കുവാനും ഉത്തരവാദികളായ ജീവനക്കാർക്കെതിരെ ഉചിതമായ അച്ചടക്ക നടപടി കൈക്കൊള്ളുന്നതിനും ഇതുമായി ബന്ധപ്പെട്ട് മുമ്പ് നൽകിയിട്ടുള്ള നിർദ്ദേശങ്ങളിന്മേൽ സ്വീകരിച്ച നടപടികളുടെ വിവരവും ഉത്തരവാദികളായ ജീവനക്കാരുടെ പേരു വിവരവും സർക്കാർ നഷ്ടവും സമർപ്പിക്കാൻ സൂചന (6) കത്ത് മുഖാന്തിരവും തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് വീണ്ടും നിർദ്ദേശം നൽകുകയുണ്ടായി. തുടർന്ന് ടി കേസിലെ സർക്കാർ നഷ്ടം തിട്ടപ്പെടുത്താതെ ഉത്തരവാദികളായ ജീവനക്കാരുടെ പേരു വിവരങ്ങളും ചുമതല നിർവ്വഹിച്ചതിന്റെ വിവരങ്ങളും മാത്രമാണ് നൽകിയത്. ടി റിപ്പോർട്ട് 01.10.2024 നാണ് തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ സൂചന (7) പ്രകാരം ഈ ഓഫീസിൽ സമർപ്പിച്ചിരുന്നത്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ശ്രീ. കെ. ഐ. പ്രദീപ് കുമാർ ഐ.എഫ്.എസ്. നും റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായ അജിത്കുമാർ ബി. യ്ക്കുമെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുകയും സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്കെതിരെ അച്ചടക്ക നടപടി ഈ ഓഫീസിൽ നിന്നും സ്വീകരിക്കുന്നതാണെന്നും മേലധികാരത്തിലേക്ക് സൂചന (9) പ്രകാരം റിപ്പോർട്ട്

ചെയ്തിരുന്നു.

വനം വിജിലൻസിന്റെ പരിശോധനയിൽ കണ്ടെത്താതിരുന്നതും തുടർപരിശോധനയിൽ കണ്ടെത്തിയതായി തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ റിപ്പോർട്ട് ചെയ്തതുമായ 218 ജണ്ടകളെ സംബന്ധിച്ച് കൊല്ലം എസ്.ഐ.പി. യൂണിറ്റ് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, തിരുവനന്തപുരം ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എന്നിവരുടെ സംയുക്ത പരിശോധനയുടെ റിപ്പോർട്ട് സൂചന (8) പ്രകാരം തിരുവനന്തപുരം ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഫോറസ്റ്റ് കൺസർവേറ്റർ (ഐ. & ഇ), കോട്ടയത്തിന് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഇതോടൊപ്പം സമർപ്പിച്ചുകൊള്ളുന്നു. വിജിലൻസ് വിഭാഗത്തിന്റെ മുൻപരിശോധനയിൽ കണ്ടെത്താൻ കഴിയാതിരുന്ന 2019-20, 2020-21 വർഷങ്ങളിൽ നിർമ്മിച്ച 218 എണ്ണം ജണ്ടകൾ തന്നെയാണ് പാലോട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസറും സ്റ്റാഫും സംയുക്ത പരിശോധനയിൽ കാണിച്ചു തന്ന 218 ജണ്ടകളെന്ന് ബോധ്യപ്പെട്ടിട്ടുള്ളതല്ലായെന്ന് തിരുവനന്തപുരം ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്.

മേൽ വിഷയത്തിൽ അടിയന്തിരമായി കൈക്കൊള്ളേണ്ട തീരുമാനങ്ങളെ സംബന്ധിച്ചുള്ള ഒരു അവലോകന യോഗം 12.03.2025 ൽ എന്റെ ചേംബറിൽ വച്ച് കൂടുകയുണ്ടായി. ആയതിൽ തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറും പാലോട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസറും പങ്കെടുത്തിട്ടുള്ളതാണ്. ജണ്ടനിർമ്മാണത്തിലെ ക്രമക്കേടിൽ ഉത്തരവാദികളായ ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി അടിയന്തിരമായി സ്വീകരിക്കാനും ജണ്ട നിർമ്മിച്ച കോൺട്രാക്ടർമാർക്ക് എഗ്രിമെന്റ്, പി.ഡബ്ല്യു.ഡി. റൂൾ എന്നിവയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാനും ജണ്ട നിർമ്മിച്ചതിലൂടെ ഉണ്ടായ സർക്കാർ നഷ്ടം അവരിൽ നിന്നും ഈടാക്കാനായി നോട്ടീസ് നൽകുവാനും തുക ഒടുക്കാത്ത പക്ഷം ടി കോൺട്രാക്ടർമാരെ കരിമ്പട്ടികയിൽ പെടുത്തുന്നത് ഉൾപ്പെടെയുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി.

തുടർന്ന് വിജിലൻസ് വിഭാഗത്തിന്റെ പരിശോധന റിപ്പോർട്ടിന്റേയും ഫയലുകളുടെ പരിശോധനകളുടേയും അടിസ്ഥാനത്തിൽ, ജണ്ട നിർമ്മാണവുമായി ബന്ധപ്പെട്ട് ഡിവിഷനിൽ അംഗീകരിച്ച അടങ്കലുകളുടെ വിവരങ്ങൾ, ടി അടങ്കലുകൾ പ്രകാരം പാസ്സാക്കിയ ബില്ലുകളുടേയും സൂചന (3) പ്രകാരം ഫോറസ്റ്റ് കൺസർവേറ്റർ (ഐ&ഇ), കോട്ടയത്തിന്റെ കണ്ടെത്തലുകളുടേയും അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയ സർക്കാർ നഷ്ടമായ 2,80,25,205/-



File No. KFDHQ/3358/2025-ADMIN/B7 (Computer No. 283631)
Generated from eOffice by SHEEBA T, B7 FOREST, B7 FOREST, FOREST HEADQUARTERS on 12/09/2025 02:25 PM

(രണ്ട് കോടി എൺപത് ലക്ഷത്തി ഇരുപത്തിയയ്യായിരത്തി ഇരുന്നൂറ്റി അഞ്ച് രൂപ) രൂപയുടെ വിശദമായ വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റ് തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ 27.03.2025 ന് സമർപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സർക്കാർ നഷ്ടം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് (Annexure I & II) ഇതിനോടൊപ്പം പ്രത്യേകമായി ഉൾചേർത്ത് സമർപ്പിക്കുന്നു. അതോടൊപ്പം 2019-20, 2020-21 കാലയളവിൽ പാലോട് റെയിഞ്ചിൽ നിർമ്മിച്ചതും അപാകതകൾ കണ്ടെത്തിയതുമായ ജണ്ടകളുടെ അളവുകൾ രേഖപ്പെടുത്തിയ എം. ബുക്ക്, ബില്ല് എന്നിവ പരിശോധിച്ച് മേൽ നോട്ടം വഹിച്ച് മെഷർമെന്റ് രേഖപ്പെടുത്തിയതും ബില്ല് പാസ്സാക്കിയതുമായ ഉദ്യോഗസ്ഥരുടെ പേര് വിവരം, കുറ്റങ്ങൾ എന്നിവ അനന്തര നടപടികൾക്കായി ചുവടെ ചേർക്കുന്നു. കുറ്റാരോപിതരായ ഓരോ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ട സർക്കാർ നഷ്ടം കൃത്യമായി തിട്ടപ്പെടുത്തുന്നതിന് ഒരു ഔപചാരിക അന്വേഷണത്തിൽ കൂടി മാത്രമേ സാധിക്കുകയുള്ളു എന്ന വിവരം കൂടി അങ്ങയെ ബോധിപ്പിച്ചുകൊള്ളുന്നു.

| പേര് & പെൻ നം | തസ്തിക | ജോലി ചെയ്ത കാലയളവ് | കുറ്റങ്ങൾ |
|---|---|---|---|
| കെ. ഐ. പ്രദീപ് കുമാർ IFS<br>പെൻ 423141 | DFO | 31.07.2019 – 15.02.2021 | ജണ്ട നിർമ്മാണ വേളയിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ പരിശോധന നടത്തിയതായും; ജണ്ട നിർമ്മാണം തൃപ്തികരമായി പൂർത്തീകരിച്ചതായി വിലയിരുത്തുകയും ജണ്ടയുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിൽ വീഴ്ച വരുത്തുകയും അളവുകൾ കൃത്യമാണെന്ന് സാക്ഷ്യപ്പെടുത്തി ബില്ല് പാസ്സാക്കി തുക കോൺട്രാക്ടർക്ക് നൽകിയതിലൂടെയും അംഗീകരിച്ച അടങ്കൽ പ്രകാരമുള്ള ജണ്ടകൾ നിർമ്മിക്കാതെ ബില്ല് പാസ്സാക്കി കോൺട്രാക്ടർക്ക് പണം നൽകിയതിലൂടെയും സർക്കാർ നഷ്ടം ഉണ്ടാകാൻ ഇടയായി. |

| | | | |
|---|---|---|---|
| അജിത് കുമാർ ബി. പെൻ 437019 | RFO, പാലോട് | 16.09.2019- 16.08.2021 | ജണ്ട നിർമ്മാണവുമായി ബന്ധപ്പെട്ട അടങ്കലിൽ നിഷ്കർഷിച്ചിട്ടുള്ള അളവുകളിൽ അസംസ്കൃത വസ്തുക്കൾ ഉപയോഗിക്കാത്തതിനാൽ ഗുണനിലവാരം ഇല്ലാത്ത രീതിയിൽ ജണ്ട നിർമ്മാണം നടത്തുകയും ആയതിന് മേൽനോട്ടവും ചുമതലയും വഹിച്ചതിലൂടെയും അടങ്കൽ പ്രകാരം അംഗീകരിച്ച 218 ജണ്ടകൾ നിർമ്മിക്കാതെ വ്യാജ ബില്ല് ചമച്ച് കോൺട്രാക്ടർക്ക് പണം നൽകുന്നതിനായി ഫീൽഡ് പരിശോധന നടത്തി അളവും എണ്ണവും ഗുണനിലവാരവും കൃത്യമാണെന്ന് സാക്ഷ്യപ്പെടുത്തി വ്യാജ ബില്ല് സമർപ്പിച്ച് കോൺട്രാക്ടർക്ക് പണം നൽകിയതിലൂടെ സർക്കാർ നഷ്ടം ഉണ്ടായി. |
| കെ. ജി. അജയകുമാർ പെൻ 480969 | SFO, കല്ലാർ, ഭരതന്നൂർ, പെരിങ്ങമല | 28.02.2020- 03.04.2020 01.06.2020- 16.12.2021 13.12.2021- 24.06.2022 | ജണ്ട നിർമ്മാണത്തിൽ മേൽനോട്ടം വഹിക്കുന്നതിൽ വീഴ്ചയുണ്ടായി. ഗുണനിലവാരമില്ലാത്തതും നിശ്ചിത അളവിലും അല്ലാതെ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് ജണ്ട നിർമ്മിക്കുവാനും അംഗീകരിച്ച അടങ്കൽ പ്രകാരമുള്ള ജണ്ടകൾ നിർമ്മിക്കാതെയും കോൺട്രാക്ടർക്ക് പണം നൽകുന്നതിന് ഒത്താശ |
| ബിന്ദുരാജ് എൻ. (റിട്ട.) പെൻ 153502 | SFO, ഭരതന്നൂർ | 11.12.2017- 31.05.2020 | |
| ജി. ബാലചന്ദ്രൻ നായർ (റിട്ട.) പെൻ 407965 | SFO, ചെക്കോണം, ഭരതന്നൂർ | 18.10.2018- 15.12.2021 16.12.2021- 31.05.2022 | |
| റ്റി. ആർ. അനിൽകുമാർ പെൻ 153509 | SFO, പച്ചമല | 18.07.2017- 28.06.2022 | |

| | | | |
|---|---|---|---|
| ആർ. ബി. അരുൺ കുമാർ<br>പെൻ 153701 | SFO,<br>പെരിങ്ങമല | 16.02.2019-<br>28.12.2020 | ചെയ്യതുവഴി സർക്കാർ നഷ്ടം<br>ഉണ്ടാകാൻ ഇടയായി. |
| എം. എസ്. റീഗൻ<br>പെൻ 424833 | SFO.<br>കല്ലാർ | 03.04.2020-<br>21.02.2022 | |

വിശ്വസ്തതയോടെ,

ഉള്ളടക്കം- അനക്സർ I & II

Signed by
R Kamalahar
Date: 28-03-2025 16:42:47
ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ



File No. KFDHO/3358/2025-ADMIN/B7 (Computer No. 283631)
Generated from eOffice by SHEEBA T, B7 FOREST, B7 FOREST, FOREST HEADQUARTERS on